# ഞങ്ങൾക്കും ചിലത് പറയാനുണ്ട്......

സഖാക്കളെ സുഹൃത്തുക്കളെ,

കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനവിഭാഗങ്ങളുടെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട്, ബ്ലേഡ് കൊള്ളപ്പലിശ സംഘങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്ന സ്ഥാപനമായി നമ്മുടെ KSFE വളർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ അഭിമാനമായും രാജ്യത്തിനാകെ മാതൃകയായും പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ പണിയെടുക്കുന്ന ജീവനക്കാരായ നമുക്ക് തീർച്ചയായും തലയുയർത്തി നടക്കാനുള്ള അവകാശമുണ്ട്. ബ്ലേഡ് മാഫിയാ- ചിട്ടി തട്ടിപ്പു സംഘങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഫലപ്രദമായ ഉപകരണം എന്ന നിലയിലാണ് 1967 ലെ ഇ.എം.എസ് സർക്കാർ KSFE യ്ക്ക് രൂപം നൽകിയത്. ദീർഘദർശിയായ ഭരണാധിപൻ സ: ഇ.എം.എസിന്റെ സ്വപ്ന പദ്ധതിയായിരുന്നു KSFE. അദ്ദേഹത്തിന്റെ ഭാവനയ്ക്കനുസരിച്ച് നമ്മുടെ സ്ഥാപനം വളർന്നു വികസിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് തിരുത്തണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ "KSFE യുടെ Brand Slogan ആയ "KSFE വളരുന്ന കേരളത്തിന്റെ വിരലടയാളം" എന്നത് ഒട്ടും അതിശയോക്തി ഇല്ലാത്ത തികച്ചും അർഥവത്തായ ഒരു മുദ്രാവാക്യമാണ്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങളിലും സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളിലും KSFE യുടെ വിരലടയാളം ആർക്കും മായ്ക്കാനാകാത്തവിധം പതിഞ്ഞിട്ടുണ്ട്.

രൂക്ഷമായ വിലക്കയറ്റത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കാൻ മാവേലിസ്റ്റോറുകൾ ആരംഭിച്ചത് 1987 ലെ ഇടതുപക്ഷ സർക്കാരാണല്ലോ. കേന്ദ്ര സർക്കാരിന്റെ നിഷേധസമീപനം മൂലം അതിനുള്ള പണം കണ്ടെത്താൻ കഴിഞ്ഞില്ല. ജനങ്ങളുടെ സഹായത്തോടെ ഇതിനാവശ്യമായ പണം സ്വരൂപിക്കാൻ തീരുമാനിച്ചു. അതാണ് 'ഭദ്രതാ' സ്കീം. ഭദ്രതാ സ്കീം വഴി പണം സ്വരൂപിയ്ക്കുന്നതിനുള്ള ഏജൻസിയായി KSFEയെ സർക്കാർ ചുമതലപ്പെടുത്തി. വലതുപക്ഷ ശക്തികളുടെയും കുത്തക മാധ്യമങ്ങളുടെയും പ്രചരണങ്ങളെ പുച്ഛിച്ചുതള്ളിക്കൊണ്ട് ജനങ്ങൾ KSFEയിലൂടെ ഭദ്രതയിൽ നിക്ഷേപിച്ചു. 'ഒരു സർക്കാർ വിലാസം ചിട്ടിക്കമ്പനി' മാത്രമായിരുന്ന KSFEയെ ജനകീയമാക്കിയ പദ്ധതിയായിരുന്നു ഭദ്രത. തുച്ഛമായ എണ്ണം ശാഖകളും ജീവനക്കാരും മാത്രമുണ്ടായിരുന്ന KSFEക്ക് ഭദ്രത നിക്ഷേപം വിജയിപ്പിക്കാനായത് കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും ഉൾപ്പെടുന്ന ജനവിഭാഗം തെരുവിലിറങ്ങി പ്രവർത്തിച്ചതു കൊണ്ടാണ്. 1987 ലെ സർക്കാർ KSFEയിൽ സ്ഥിരനിക്ഷേപ പദ്ധതിയും സുഗമയും ആരംഭിച്ചുകൊണ്ട്, വായ്പാ സംവിധാനം വിപുലമാക്കിക്കൊണ്ട്, KSFEയെ അക്ഷരാർത്ഥത്തിൽ ഒരു 'Non Banking Financial Company' ആക്കി മാറ്റി.

സ: എ.കെ.ബാലൻ എം.എൽ.എ ചെയർമാനായിരിക്കുമ്പോഴാണ് സ്വർണപണയ വായ്പാ പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിയത്. 48% വരെ പലിശ വാങ്ങിയിരുന്ന സ്വകാര്യ സ്വർണപണയ വായ്പാ കമ്പനികൾക്ക് പലിശ വെട്ടിച്ചുരുക്കേണ്ടിവന്നു. ചില കൊള്ളകമ്പനികൾ രംഗം വിട്ടുപോയി. പൊതുജന താൽപ്പര്യാർത്ഥം KSFEയുടെ ഇത്തരം ഇടപെടലുകൾക്ക് നൂറ് നൂറ് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും.

ഈയടുത്തകാലത്തും കേരള സർക്കാർ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചത് KSFEയുടെ ട്രഷറി നിക്ഷേപത്തിന്റെ അടിത്തറയിലാണ്. KSFEയുടെ ട്രഷറി നിക്ഷേപം 2500 കോടിയോളം രൂപയാണ്. ലാഭവിഹിതം, ഗാരന്റികമ്മീഷൻ, സർവ്വീസ് ചാർജ്ജ് ഇനങ്ങളിലായി സംസ്ഥാന ഖജനാവിലേക്ക് ഇതുവരെ 550 കോടിയോളം രൂപയാണ് KSFE നൽകിയത്. Registration & Filing, stamp charge ഇനത്തിൽ കോടികളാണ് KSFEയിലൂടെ സർക്കാർ ഖജനാവിലേയ്ക്ക് ഒഴുകുന്നത്. കൂടാതെ കോർപ്പറേറ്റ് നികുതി, സേവനനികുതി എന്നീ ഇനങ്ങളിലായി 500 കോടിയോളം രൂപ കേന്ദ്ര ഖജനാവിലേയ്ക്കും KSFEമുതൽക്കൂട്ടിയിട്ടുണ്ട്. എല്ലാ അർത്ഥത്തിലും സർക്കാരിനെ സംബന്ധിച്ചിടത്തോളം *പൊൻമുട്ടയിടുന്ന താറാവാണ് KSFE.*

വസ്തുതകൾ ഇതായിരിയ്ക്കെ 'ഓപ്പറേഷൻ കുബേര' യുടെ പേരിൽ വിളിച്ച പത്രസമ്മേളനത്തിൽ KSFEയെ കടന്നാക്രമിക്കുകയാണ് ആഭ്യന്തരമന്ത്രി ശ്രീ.രമേശ് ചെന്നിത്തല ചെയ്തത്. ഓപ്പറേഷൻ കുബേര തുടരുമ്പോഴും കൊള്ളപ്പലിശയും ബ്ലേഡ് പലിശയും ഈടാക്കുന്ന സ്ഥാപനങ്ങളും മൈക്രോ ഫൈനാൻസ് കൊള്ള സംഘങ്ങളും നാട്ടിൽ നിർബാധം തലയുയർത്തിനിൽക്കുന്നു. ആ സ്ഥാപനങ്ങളുടെ പേരുകളൊന്നും ശബ്ദിക്കാതെയാണ് KSFEയെ ബ്ലേഡ്- കൊള്ളപ്പലിശ സ്ഥാപനമായി മന്ത്രി താറടിച്ചത്. അവസരം പാർത്തിരുന്നതു പോലെയാണ് മാധ്യമങ്ങൾ അതിനോട് പ്രതികരിച്ചത്. KSFEയ്ക്കെതിരായ കള്ളവാർത്തകളും അഭിമുഖങ്ങളും കൊണ്ട് നിറയ്ക്കുകയാണ് കേരളത്തിലെ മുഖ്യധാരാവാർത്താ ചാനലുകൾ. ഇതിൽ ആവേശം കൊണ്ട് സാമൂഹ്യവിരുദ്ധ സ്വഭാവത്തോടുകൂടിയുള്ള ചില ഇടപെടലുകൾ ശാഖകളിൽ (പ്രത്യേകിച്ചും ചില കുടിശികകാരുടെ ഭാഗത്തുനിന്നും) ഉണ്ടാകുന്നുണ്ട്.

ഓപ്പറേഷൻ കുബേരയോടനുബന്ധിച്ചാണ് സഹകരണബാങ്കുകളുടെ പലിശനിരക്ക് 15% ആയി കുറയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചത്. 15% എന്നത് കൊള്ളപ്പലിശയോ ബ്ലേഡ് പലിശയോ അല്ലെന്ന് സാരം. അപ്പോൾ KSFEയുടെ പരമാവധി പലിശനിരക്ക് 14.50% ആയിരുന്നു. ശ്രീ.രമേശ് ചെന്നിത്തല KSFEയെ ആക്ഷേപിക്കുമ്പോൾ നമ്മുടെ പലിശനിരക്ക് 14.25% മാത്രം! ഇപ്പോഴും കേരളത്തിലെ പൊതുമേഖലാ ബാങ്കുകളടക്കം വായ്പാപദ്ധതിയിൽ 17% വരെ പലിശ ഈടാക്കുന്നുണ്ട്. എന്നിട്ടും KSFE യെ കരുതിക്കൂട്ടി ആക്രമിക്കുകയായിരുന്നു. ദേശീയപാതയോരങ്ങളിലും തെരുവോരങ്ങളിലും തലയുയർത്തി നിൽക്കുന്ന KSFEഎന്ന മഹാപ്രസ്ഥാനത്തെ സാമൂഹ്യ വിരുദ്ധർക്ക് കൈയേറാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന ഇത്തരം പ്രസ്താവനകൾക്കെതിരെ പൊതുമേഖലയെ സ്നേഹിക്കുന്നവരുടെ പ്രതിഷേധം ഉയർന്നു വരേണ്ടതാണ്. KSFEയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. ആഭ്യന്തരമന്ത്രി ശ്രീ.രമേശ് ചെന്നിത്തലയോട് ഞങ്ങൾക്ക് ചിലത് ചോദിക്കാനുണ്ട്.

1. താങ്കൾ ഒരു ജനാധിപത്യവിശ്വാസിയും KSFEയിലെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ അംഗീകരിയ്ക്കുകയും ചെയ്യുന്നുവെങ്കിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിനൊപ്പമോ പ്രത്യേകമായോ സംഘടനാ ഭാരവാഹികളുടെ യോഗം വിളിയ്ക്കാൻ തയ്യാറാകുമോ?
2. KSFEയുടെ 100% ഓഹരികളും കേരളാ സർക്കാർ ഉടമസ്ഥതയിലാണ്. KSFEയുടെ ലാഭത്തിന്മേൽ കേന്ദ്ര സർക്കാരിന് കോർപ്പറേറ്റ് നികുതിയും കേരളാ സർക്കാരിന് ലാഭ വിഹിതവും നൽകുന്നുണ്ട്. ഈ സ്ഥിതിയ്ക്ക് Foreman commissionന്റെ 12.36% സർവ്വീസ് ചാർജ് ഈടാക്കുന്നതിൽ ഒരു ന്യായവുമില്ല. പ്രതിവർഷം 70 കോടിയിലധികം രൂപയാണ് Service charge ആയി KSFE നൽകുന്നത്.

ഈ സർവ്വീസ് ചാർജ് ഒഴിവാക്കിത്തരാൻ താങ്കൾ ഇടപെടുമോ? എങ്കിൽ KSFEയ്ക്ക് 2% വരെ വായ്പാ പലിശനിരക്ക് കുറവ് വരുത്താൻ കഴിയും.

3. KSFE നിക്ഷേപങ്ങൾക്കുള്ള കേരളാ സർക്കാർ ഗാരന്റി കമ്മീഷൻ 0.75% ആണ്. $9\frac{1}{4}$% പലിശ നിക്ഷേപകന് നൽകുമ്പോൾ 0.75% കേരളാ സർക്കാരിന് KSFE നൽകണമെന്നർത്ഥം. കഴിഞ്ഞ നാലര പതിറ്റാണ്ടായി കേരളത്തിലെ ജനങ്ങളുടെ നിക്ഷേപസുരക്ഷിതത്വം ഉറപ്പുവരുത്തുന്ന KSFEയിൽ ഗാരന്റികമ്മീഷൻ ഈടാക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന്റെ ന്യായാന്യായങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും KSFE സ്വരൂപിച്ച 2500 കോടിയോളം രൂപ സംസ്ഥാന ട്രഷറിയിൽ തന്നെയാണ് KSFE നിക്ഷേപിച്ചിരിക്കുന്നത്. ട്രഷറിയിൽ കിടക്കുന്ന ഈ തുകയ്ക്ക് ഗ്യാരന്റി കമ്മീഷൻ KSFEയിൽ നിന്നും ഈടാക്കുന്നതിന്റെ യുക്തിയെന്താണ്? ട്രഷറി നിക്ഷേപത്തിന് തുല്യമായ നിക്ഷേപത്തിനുള്ള ഗ്യാരന്റി കമ്മിഷൻ ഒഴിവാക്കിയാൽ KSFEയുടെ വായ്പാ പലിശനിരക്ക് 0.75% എങ്കിലും കുറയ്ക്കാൻ കഴിയും. ശ്രീ.രമേശ് ചെന്നിത്തലയോട് ഞങ്ങൾ ചോദിക്കുന്നു. താങ്കൾ ഇതിന് ആവശ്യമായ നടപടിയെടുക്കുമോ?

4. കേന്ദ്ര ചിട്ടിനിയമം '82 ഉം അനുരോധമായി കേരളാ സർക്കാർ രൂപീകരിച്ച ചട്ടങ്ങളും അനുസരിച്ച് ചിട്ടിസലക്ക് തുല്യമായ തുക ബാങ്കുകളിലാണ് നിക്ഷേപിക്കേണ്ടത്. എന്നാൽ കേരളാ സർക്കാർ പ്രത്യേക ഉത്തരവ് ഇറക്കിക്കൊണ്ട് KSFEയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം ട്രഷറിയിലാക്കുകയാണ് ചെയ്തത്. ഇതുവഴി KSFEയ്ക്കുണ്ടാകുന്ന പലിശനഷ്ടം നികത്തിയാൽ ആനുപാതികമായി വായ്പാപലിശ നിരക്ക് കുറയ്ക്കാൻ KSFEയ്ക്കാകും? താങ്കൾ ഇതിന് മുതിരുമോ?

5. കേന്ദ്ര ചിട്ടിനിയമം അനുസരിച്ച് KSFE 800 കോടിയോളം രൂപയുടെ ചിട്ടി ബിസിനസാണ് ചെയ്തത്. തത്തുല്യമായ തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് സംസ്ഥാന സർക്കാർ KSFEയ്ക്ക് പലിശ പോലും നൽകുന്നില്ല എന്ന സത്യം താങ്കൾക്കറിവുള്ളതല്ലേ? ഇതുവഴി KSFEയ്ക്ക് പ്രതിവർഷം 80 കോടിയിലധികം രൂപയുടെ വരുമാന നഷ്ടം സംഭവിയ്ക്കുന്നു എന്നതും താങ്കൾക്കറിവുള്ളതല്ലേ? ഈ വരുമാന നഷ്ടം പരിഹരിക്കാൻ താങ്കൾ എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളത്?

6. KSFEയുടെ Cost of Fund 12% ഓളമാണ്. ശരാശരി 14% പലിശയ്ക്കാണ് KSFE വായ്പ നൽകുന്നത്. ഇങ്ങനെ വായ്പയായി നൽകേണ്ട 2500 കോടിയോളം രൂപയാണ് 8.5% - 9% പലിശക്ക് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നത്. ശരാശരി 6% പലിശ നഷ്ടമാണ് ഇതുമൂലം KSFE യ്ക്ക് സംഭവിയ്ക്കുന്നതെന്ന് കണക്കാക്കിയാൽ പോലും 150 കോടിയുടെ നഷ്ടം KSFEയ്ക്ക് പ്രതിവർഷം സംഭവിയ്ക്കുന്നുണ്ട്. സംസ്ഥാന ഖജനാവിനെ പരിപോഷിപ്പിക്കുക എന്ന ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിന്റെ ഭാഗമായാണ് ഈ നഷ്ടം എന്ന് നീതീകരിക്കാം. പക്ഷേ KSFEയ്ക്ക് നഷ്ടമാകുന്ന പണത്തിന് അർഹമായ അംഗീകാരം KSFEയ്ക്ക് ലഭിക്കേണ്ടതുണ്ട്. സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതികളിലോ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിലോ KSFEയുടെ പേരിൽ ഈ തുക അക്കൗണ്ട് ചെയ്യേണ്ടതല്ലേ? അങ്ങനെ KSFEയുടെ ജനകീയാടിത്തറ വിപുലപ്പെടുത്താൻ താങ്കൾ തയ്യാറാകുമോ?

മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ KSFEയ്ക്കനുകൂലമായ നിലപാടെടുക്കാൻ താങ്കൾ തയ്യാറായാൽ KSFEയുടെ നിക്ഷേപം, ചിട്ടി ബിസിനസ്, വായ്പ എന്നിവയിൽ വൻ കുതിച്ചുകയറ്റം ഉണ്ടാകും. ഗാരന്റി കമ്മിഷൻ, സർവ്വീസ് ചാർജ് എന്നീ ഇനങ്ങളിൽ സർക്കാർ വേണ്ടെന്നുവയ്ക്കുന്ന വരുമാനത്തിന്റെ ഇരട്ടിയിലധികം ലാഭവിഹിതമായി ഖജനാവിന് നൽകാൻ KSFEക്ക് കഴിയും. KSFEയുടെ ജനകീയാടിത്തറ വിപുലപ്പെടും. ബ്ലേഡ്-കൊള്ളപ്പലിശ-ചിട്ടി തട്ടിപ്പ് സംഘങ്ങൾ കച്ചവടം പൂട്ടി നാടുവിടും. Operation

Blade ഉം Operation kubera യും താങ്കൾക്ക് നിർത്തിവയ്ക്കാൻ കഴിയും. ശ്രീ.രമേശ്ചെന്നിത്തല അതിന് തയ്യാറാണോ എന്നതാണ് KSFE ജീവനക്കാരുടെ ചോദ്യം.

KSFE യുടെ ഉടമസ്ഥർ പൊതുജനങ്ങളാണ്. കൗണ്ടറിനുപുറത്ത് നിൽക്കുന്ന അവരോട് അഗാധമായ ഹൃദയബന്ധം കാത്തുസൂക്ഷിയ്ക്കാൻ അതുകൊണ്ട് തന്നെ KSFE ജീവനക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ചില ശാഖകളിലെങ്കിലും ഈ ബന്ധത്തിൽ ചില ഇടർച്ചകൾ ഉണ്ടാകുന്നില്ലേയെന്ന ആത്മപരിശോധന നടത്താൻ ജീവനക്കാരായ നമ്മളും ബാധ്യസ്ഥരാണ്. നമ്മുടെ വരിക്കാരും ഇടപാടുകാരുമായ ജനവിഭാഗങ്ങളോടുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കാൻ നമുക്ക് കഴിയണം. സ്ഥാപന വിരുദ്ധ ശക്തികൾ KSFE യെ വളഞ്ഞിട്ട് ആക്രമിക്കുന്ന ഈ സാഹചര്യത്തിൽ നാം കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്. സ്വയം വിമർശനമില്ലാത്ത ഏതു വിമർശനവും ആത്മവഞ്ചനയാകുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ?

'പൊളിച്ചെഴുത്ത് ആവശ്യമാണ്', 'സ്ഥാപനത്തെ സംരക്ഷിക്കാൻ ജീവനക്കാരായ നമുക്ക് ഒന്നിക്കാം' എന്നീ നോട്ടീസുകളിലൂടെ ഞങ്ങൾ ചില സ്ഥാപന പ്രശ്നങ്ങൾ ഉയർത്തിയിരുന്നു. ആവർത്തന വിരസമാകുമെങ്കിലും വർത്തമാന സാഹചര്യത്തിൽ ചിലത് വീണ്ടും ഉന്നയിക്കാതെ നിർവ്വാഹമില്ല. KSFE മാനേജ്മെന്റ് വളരെ സത്യസന്ധമായ ആത്മ പരിശോധനയ്ക്ക് തയ്യാറാകണമെന്നാണ് ഞങ്ങളുടെ പക്ഷം. ഇനിയും വൈകുന്നത് ആത്മഹത്യാപരമായിരിക്കും. പൊതുമേഖലാ ബാങ്കുകളുടെ NIM (Net Interest Margin) 2.5% മുതൽ 4% വരെയാണ്. അവരുടെ Cost of fund കുറഞ്ഞുനിൽക്കുന്നതിന്റെ പ്രധാന കാരണം 'CASA' നിക്ഷേപങ്ങളാണ്. SBI യിൽ മൊത്തം നിക്ഷേപത്തിന്റെ 40%വും CASA നിക്ഷേപങ്ങളാണ്. എന്നാൽ KSFEയിൽ മൊത്തം നിക്ഷേപത്തിന്റെ 6% മാത്രമാണ് Sugama നിക്ഷേപം. Sugama നിക്ഷേപം ശക്തിപ്പെടുത്തിക്കൊണ്ട് Cost of Fund കുറയ്ക്കാൻ മാനേജ്മെന്റ് കർമപരിപാടികൾ തയ്യാറാക്കണം. ഏത് ദുർഘട സന്ധിയെയും അതിജീവിച്ച് മുന്നേറാറുള്ള KSFE യുടെ സുഗമമായ വളർച്ചയ്ക്കുള്ള പദ്ധതിയാണ് സുഗമ എന്നത് മാനേജ്മെന്റ് തിരിച്ചറിയണം.

നമ്മുടെ Cost of fund ഉയർന്നിരിക്കുന്നതിനും CD Ratio 50% ലും താഴെ പോകാനും. പൊള്ളച്ചിട്ടികൾ വഹിക്കുന്ന പങ്ക് ചില്ലറയല്ല. പൊള്ള ചിട്ടികൾ ചെയ്യുന്നവർ സ്ഥാപനത്തിന്റെ ശത്രുക്കളാണ്. ഇരിക്കുന്ന കൊമ്പു മുറിയ്ക്കുന്നവരെ ഒറ്റപ്പെടുത്താതെ സ്ഥാപനത്തിന് മുന്നോട്ട് പോകാനാവില്ല. മറ്റൊരു പ്രശ്നം 'കുബേരൻമാരെ' ചിട്ടിയിൽ ചേർക്കുന്നതിൽ കാണിക്കുന്ന അമിതാവേശമാണ്. കുബേരന്മാർ ഈ സ്ഥാപനത്തിന് ഒരിക്കലും സംരക്ഷണമാകാൻ പോകുന്നില്ല. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ദിവസക്കൂലി- ആഴ്ചക്കൂലി വരുമാനക്കാർ ഇന്നും KSFEയുടെ പടിക്കുപുറത്താണ്. അവരെ KSFEയിലേക്കാകർഷിയ്ക്കാൻ പദ്ധതികളുണ്ടാകണം. കുബേരന്മാരുടെ ബ്ലേഡ് പലിശക്കിരയാകുന്നതും ഇവർ തന്നെ. കുബേരന്മാരുടെ കൊള്ള സമ്പാദ്യത്തിനല്ല, മറിച്ച് കുചേലന്മാരുടെ ജീവിത സമ്പാദ്യത്തിന് സംരക്ഷണം ഒരുക്കുമ്പോഴാണ് KSFE എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ സാമൂഹ്യ ഉത്തരവാദിത്തം പൂർണ്ണ ശോഭ നേടുന്നത്. കൂട്ടായ്മ ശക്തിപ്പെടുത്തിക്കൊണ്ടും ഉഭയകക്ഷി ചർച്ചകൾ നടത്തി കൂട്ടായ തീരുമാനം എടുത്തും മുന്നോട്ട് പോകാൻ KSFE മാനേജ്മെന്റ് തയ്യാറാകണം.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി

KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

തിരുവനന്തപുരം,

16-06-2014.